# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1349 02.03.2017- ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകൾ ഇഷ്യു ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ.ജോസഫ്<br>ഡോ.എൻ. ജയരാജ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്ന് ഇഷ്യൂ ചെയ്യുന്ന സർട്ടിഫിക്കറ്റുകളിൽ അയൽവാസികളുടെ മൊഴി രേഖപ്പെടുത്തി ഇഷ്യൂ ചെയ്യപ്പെടേണ്ട സർട്ടിഫിക്കറ്റുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ വില്ലേജാഫീസുകളിൽ നിന്ന് ഇഷ്യൂ ചെയ്യുന്ന സർട്ടിഫിക്കറ്റുകളിൽ അയൽവാസികളുടെ മൊഴി രേഖപ്പെടുത്തി ഇഷ്യൂ ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ്, ക്രിസ്തുമതത്തിൽ നിന്ന് ഹിന്ദു മതത്തിലേയ്ക്ക് പുനഃപരിവർത്തനം ചെയ്ത പട്ടികജാതി സമുദായക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹിത ദമ്പതികളിൽ ഒരാൾ എസ്.സി./ എസ്.റ്റി ആണെങ്കിൽ അവരുടെ മക്കൾക്ക് എസ്.സി./എസ്.റ്റി സർട്ടിഫിക്കറ്റ് നൽകേണ്ടി വരുന്ന സന്ദർഭങ്ങൾ എന്നിവയാണ്. എന്നാൽ സംശയമുള്ള കേസുകളിൽ ജാതി സർട്ടിഫിക്കറ്റ്, ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, വൺ & സെയിം സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്കും അയൽവാസികളിൽ നിന്ന് മൊഴിയെടുക്കാറുണ്ട്. |
| (ബി) ഇപ്രകാരം അയൽവാസികളുടെ മൊഴി രേഖപ്പെടുത്തി ഇഷ്യൂ ചെയ്യപ്പെടുന്ന സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ മൊഴി നൽകുന്ന അയൽവാസി പുരുഷനായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) മൊഴി നൽകുന്ന അയൽവാസി പുരുഷനായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം മൊഴി നല്കുന്നതിന് അയൽവാസി നേരിട്ട് വില്ലേജ് ഓഫീസിൽ ഹാജരാകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | സമുദായ സാക്ഷ്യപത്രങ്ങൾ അനുവദിക്കുമ്പോൾ അയൽ സാക്ഷിമൊഴി രേഖപ്പെടുത്തുന്നതിനായി പൊതുജനങ്ങളെ വില്ലേജാഫീസുകളിൽ വിളിച്ചു വരുത്തുന്ന രീതി ഒഴിവാക്കണമെന്നും വില്ലേജാഫീസർ സ്ഥലത്തു പോയി ഇക്കാര്യത്തിൽ നേരിട്ട് അന്വേഷണം നടത്തി അയൽസാക്ഷിമൊഴി രേഖപ്പെടുത്തണമെന്നും സർക്കാർ 27/05/2014-ലെ 20570/ജി1/2011/പജപവവിവ നമ്പർ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം വിധവകളായ അപേക്ഷകർക്ക് പുനർവിവാഹം ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അയൽവാസിയായ പുരുഷൻ മൊഴി നൽകാൻ ഹാജരാകണമെന്ന് നിർബന്ധിക്കുന്ന പ്രവണത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അങ്ങനെയൊരു പ്രവണത നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ